പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2533. | 17.08.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളുടെ നിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .പി.കെ. ശശി :<br>,, കെ. ആൻസലൻ :<br>,, കെ. കെ. രാമചന്ദ്രൻ നായർ :<br>,, എം. സ്വരാജ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ തൽപരരായ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനായി ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ പരിശീലന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ ചാക്ക, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് എന്നീ ഗവ. ഐ.ടി.ഐകളെ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഐ.ടി.ഐ കളാക്കുന്നതിന് 28.01.2017 ലെ ജി.ഒ (ആർ.ടി) നമ്പർ 118/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം യഥാക്രമം 2,76,25,000/- രൂപയും ഉൾപ്പെടെ ആകെ 7,99,83,914/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന്റെ ഭാഗമായി ഓൺ ലൈൻ അഡ്മിനിസ്ട്രേഷൻ & ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റംസ് (എ.ടി.എം.എസ്) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സംസ്ഥാന പൊതുമേഖല സ്ഥാപനമായ കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. |

എ.ടി.എം.എസ് സോഫ്റ്റ്വെയർ ആവിഷ്കരിക്കുന്നതിനായി കെൽട്രോണിന് 22 ലക്ഷം രൂപയ്ക്ക് 14.02.2017-ൽ വർക്ക് ഓർഡർ നൽകുകയുണ്ടായി. 03/06/2017 -ലെ ജി.ഒ (ആർ.ടി) നമ്പർ 718/2017/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1.5 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ (എസ്.ആർ.എസ്) മെ. കെൽട്രോൺ ലഭ്യമാക്കുകയുണ്ടായി. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പുതുതായി എത്ര ഐ.റ്റി.ഐ. കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നും നിലവിലുള്ള ഐ.റ്റി.ഐ. കളിലെ വിവിധ ട്രേഡുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡങ്ങൾ ഒരുക്കി എൻ.സി.വി.റ്റി അഫിലിയേഷൻ/ റീ അഫിലിയേഷൻ നേടിയെടുക്കാനായി സ്വീകരിച്ച നടപടികളും അറിയിക്കുമോ;

(സി) പുതുതായി 10 ഐ.റ്റി.ഐ. കൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിൽ 4 ഐ.ടി.ഐ. കൾക്ക് ഇതിനകം ഭരണാനുമതി ഉത്തരവ് നൽകിയിട്ടുമുണ്ട്.

2016 ആഗസ്റ്റ് സെഷൻ പ്രാബല്യത്തിൽ സംസ്ഥാനത്തെ 14 ഗവ. ഐ.ടി.ഐകളിൽ 100 യൂണിറ്റുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ / റീ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

അഫിലിയേഷൻ നേടുന്നതിന് മുന്നോടിയായുള്ള അക്രഡിറ്റേഷൻ നടപടികൾ 2012 വർഷം മുതൽ നടത്തി വന്നിരുന്ന ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പോർട്ടൽ 2016 ഡിസംബർ മാസം മുതൽ പ്രവർത്തന സജ്ജമാകാതിരുന്നതിനാലും അഫിലിയേഷൻ നടപടികൾ സംബന്ധിച്ച പുതുക്കിയ ഗൈഡ് ലൈൻസ്, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ഡൽഹിയിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാലും 2017 വർഷത്തിൽ അഫിലിയേഷൻ / റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) നിലവിൽ ഏതൊക്കെ ഐ.റ്റി.ഐ. കളിലെ ട്രേഡുകൾക്ക് എൻ.സി.വി.റ്റി അംഗീകാരം ഉണ്ടെന്നും എൻ.സി.വി.റ്റി അംഗീകാരമില്ലാത്തത് വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതയെ ഏതു വിധത്തിൽ ബാധിക്കാനിടയുണ്ടെന്നും അറിയിക്കുമോ?

(ഡി) സംസ്ഥാനത്ത് നിലവിലുള്ള 41 സർക്കാർ ഐ.ടി.ഐകളിൽ എൻ.സി.വി.ടി അംഗീകാരം ലഭിച്ചിട്ടുള്ള ട്രേഡുകൾ നിലവിലുണ്ട്. ടി. ഐ.ടി.ഐ.കളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം)

എൻ.സി.വി.ടി അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്ത ട്രേഡുകളിൽ (എസി.സി.വി.ടി. ട്രേഡുകൾ), പഠനം പൂർത്തിയാക്കി വിജയിക്കുന്ന ട്രെയിനികൾക്ക് സംസ്ഥാന സർക്കാർ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.ടി.സി) നൽകുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി) യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കെല്ലാം ബന്ധപ്പെട്ട എസ്.സി.വി.ടി സർട്ടിഫിക്കറ്റുകൾ തത്തുല്യമായി പരിഗണിച്ച് സ.ഉ (സാധാ) നം. 1388/2007/തൊഴിൽ തീയതി 19/05/2007 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ എസ്.സി.വി.ടി പരീക്ഷ വിജയിച്ച ട്രെയിനികൾക്ക് പ്രൈവറ്റ് ട്രെയിനിയായി അഖിലേന്ത്യാ പരീക്ഷ എഴുതി എൻ.ടി.സി നേടാനുള്ള അവസരവും നിലവിലുണ്ട്.

Bindu

സെക്ഷൻ ഓഫീസർ

Sheet7

## List of NCVT ITIs

| SL. No. | Name of ITIs | SL. No. | Name of ITIs |
|---|---|---|---|
| 1 | NPM GOVT. ITI ARYANAD | 20 | GOVT. ITI CHALAKKUDY |
| 2 | GOVT. ITI ATTINGAL | 21 | KKS GOVT. ITI MALA |
| 3 | GOVT. ITI CHAKKAI | 22 | GOVT. ITI ATTAPPADY |
| 4 | GOVT. ITI DHANUVACHAPURAM | 23 | GOVT. ITI KUZHALMANNAM |
| 5 | GOVT. ITI (W) KAZHAKKUTTAM | 24 | GOVT. ITI MALAMPUZHA |
| 6 | GOVT. ITI CHANDANATHOPE | 25 | GOVT. ITI (W) MALAMPUZHA |
| 7 | GOVT. ITI CHATHANNOOR | 26 | GOVT. ITI VANIYAMKULAM |
| 8 | GOVT. ITI ELAMAD | 27 | GOVT. ITI AREACODE |
| 9 | GOVT. ITI (W) KOLLAM | 28 | GOVT. ITI NILAMBUR |
| 10 | GOVT. BTC KOLLAM | 29 | GOVT. ITI PUZHAKKATTIRI |
| 11 | GOVT. ITI CHENEERKKARA | 30 | GOVT. ITI KOYILANDY |
| 12 | GOVT. ITI (W) MEZHUVELI | 31 | GOVT. ITI KOZHIKKODE |
| 13 | GOVT. ITI CHENGANNUR | 32 | GOVT. ITI KANNUR |
| 14 | GOVT. ITI (W) CHENGANNUR | 33 | GOVT. ITI KASARGOD |
| 15 | GOVT. ITI ETTUMANOOR | 34 | EKNM GOVT. ITI KAYYUR |
| 16 | PTCM GOVT. ITI PALLICKATHODU | 35 | KMM Govt. ITI Kalpetta. Wayanad |
| 17 | GOVT. ITI KATTAPPANA | 36 | Govt. ITI Purakkad. Alappuzha |
| 18 | GOVT. ITI RAJAKKAD | 37 | Govt. ITI Kayamkulam. Alappuzha |
| 19 | GOVT. ITI KALAMASSERY | 38 | Govt.ITI (W) Chalakkudy |
| | | 39 | Govt.ITI.W) Kalamassery |
| | | 40 | Govt.ITI(W)Kozhikkode |
| | | 41 | Govt.ITI (W) Kannur |

Bindu